ഫാർമസ്യൂട്ടിക്കൽ രംഗത്തെ തൊഴിലവസരങ്ങൾ: അമൃതയിൽ ഏകദിന ശിൽപ്പശാല

കൊച്ചി: ഫാർമസ്യൂട്ടിക്കൽ വ്യവസായ രംഗത്ത് വർദ്ധിച്ചുവരുന്ന തൊഴിൽ സാധ്യതകളെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ കൊച്ചി അമൃത വിശ്വ വിദ്യാപീഠം പൂർവവിദ്യാർത്ഥി കൂട്ടായ്മ ശില്പശാല സംഘടിപ്പിച്ചു. കൊച്ചി ക്യാമ്പസ് പൂർവവിദ്യാർഥി കൂട്ടായ്മ ചീഫ് കോഡിനേറ്റർ ഡോ. പി. ജി. നായരുടെ നേതൃത്വത്തിൽ അമൃത ആശുപത്രിയിൽ വച്ച് നടന്ന ചടങ്ങിൽ അമൃത ഹോസ്പിറ്റൽ ഗ്രൂപ്പ് മെഡിക്കൽ ഡയറക്ടർ ഡോ. പ്രേം നായർ അധ്യക്ഷത വഹിച്ചു. അമൃത സ്കൂൾ ഓഫ് മെഡിസിൻ പ്രിൻസിപ്പൽ ഡോ. ഗിരീഷ് കുമാർ കെപി ചടങ്ങിൽ പങ്കെടുത്തു. അമൃതയിലെ ഫാർമക്കോളജി വിഭാഗം പൂർവ്വ എം ഡി വിദ്യാർഥിനിയും അമേരിക്കൻ ബയോ ഫാർമ സ്യൂട്ടിക്കൽ കമ്പനിയായ ബ്രിസ്റ്റോൾ മെയേഴ്സ് സ്ക്വിബ്ബിലെ കാർഡിയോ വാസ്കുലാർ മെഡിക്കൽ സയൻസ് ലൈസണുമായ ഡോ. ലക്ഷ്മി ജെ. ശില്പശാലയിൽ മുഖ്യപ്രഭാഷണം നടത്തി. ആരോഗ്യപ്രവർത്തനരംഗത്തും അനുബന്ധ മേഖലകളിലും വർദ്ധിച്ചുവരുന്ന തൊഴിലവസരങ്ങൾ മുൻനിർത്തിയാണ് വൈറ്റ് കോട്ട്സ് ടു ബോർഡ് റൂംസ് എന്ന സന്ദേശം നൽകി ശില്പശാല സംഘടിപ്പിച്ചത്.

ഇന്ത്യയ്ക്കകത്തും പുറത്തും ഒരുപോലെ ഇത്തരം തൊഴിലവസരങ്ങൾ വർദ്ധിച്ചുവരുന്നതായും ഡോ. ലക്ഷ്മി ജെ. ശില്പശാലയിൽ പങ്കെടുത്ത വിദ്യാർത്ഥികളെ ഓർമിപ്പിച്ചു. അലുംനി മാഗസിൻ ഒമ്പതാം പതിപ്പ് പ്രകാശനവും ഡോ. പ്രേം നായർ നിർവഹിച്ചു.

അമൃത അലുംനി മാഗസിൻ ഒമ്പതാം പതിപ്പിൻറെ പ്രകാശനം അമൃത ഹോസ്പിറ്റൽസ് ഗ്രൂപ്പ് മെഡിക്കൽ ഡയറക്ടർ ഡോ. പ്രേം നായർ നിർവഹിക്കുന്നു

കാത്ത് ലാബ് ടെക്നീഷ്യൻ താത്കാലിക നിയമനം

കൊച്ചി: എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി കാത്ത് ലാബ് ടെക്നീഷ്യൻ തസ്തികയിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ ആശുപത്രി വികസന സൊസൈറ്റിയുടെ കീഴിൽ താത്കാലിക നിയമനം നടത്തും. യോഗ്യത: പ്ലസ് ടു , കാർഡിയോവാസ്കുലാർ ടെക്നോളജിയിൽ ബിരുദം (ബിസിവിടി), ബിസിവിടിയുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ കാർഡിയോവാസ്കുലാർ ഡിപ്ലോമ (ഡിസിവിടി) യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ പരിഗണിക്കും. എക്കോ കാർഡിയോഗ്രാഫി ചെയ്യാൻ കഴിവുള്ളവരായിരിക്കണം. താത്പര്യമുള്ളവർ യോഗ്യത, വയസ്, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റും, പകർപ്പും സഹിതം സെപ്തംബർ 22ന് എഴുത്തു പരീക്ഷയിലും കൂടിക്കാഴ്ചയിലും പങ്കെടുക്കണം.

വാർഷികവും ഓണാഘോഷവും

പള്ളുരുത്തി: ഓൾ കേരള സീനിയർ സിറ്റി സൺ വെൽഫെയർ അസോസിയേഷൻ വാർഷികവും ഓണാഘോഷവും നടത്തി.കെ.ജെ മാക്സി എം.എൽ.എ.ഉദ്ഘാടനം ചെയ്തു.വി.ജെ ഹൈസിന്ത് അധ്യക്ഷത വഹിച്ചു. നഗരസഭ ആരോഗ്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ ടി. കെ അഷറഫ്,കൗൺസിലർ ഷീബാ ഡ്യൂറോം,കെ.ബി സലാം,സ്മിത ബഷീർ,കെ.ബി അഷറഫ്,ക്യാപ്റ്റൻ മോഹൻദാസ്,വി.വൈ നാസർ,സൈറാ റഷീദ് എന്നിവർ സംസാരിച്ചു.

സാമ്രാജ്യത്വ വിരുദ്ധ ദിനാചരണം

കാക്കനാട്: ഖത്തർ ഉൾപ്പെടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അമേരിക്കൻ സാമ്രാജ്യത്വ താൽപ്പര്യങ്ങൾക്കായി നടത്തുന്ന കടന്നാക്രമണങ്ങ ളിൽ പ്രതിഷേധിച്ച് സിപിഐ എം തൃക്കാക്കര ഏരിയ കമ്മിറ്റിയുടെ നേതൃത്വത്തിൽ സാമ്രാജ്യത്വ വിരുദ്ധ ദിനാചരണം നടത്തി. സംസ്ഥാന കമ്മിറ്റി അംഗം എം അനിൽകുമാർ ഉദ്ഘാടനം ചെയ്തു. ലോക്കൽ സെക്രട്ടറി ടി എ സുഗതൻ അധ്യക്ഷത വഹിച്ചു. കെ മണി ശങ്കർ , എ ജി ഉദയകുമാർ ,കെ ടി എൽദോ.,സി എൻ അപ്പുകുട്ടൻ, എ എൻ സന്തോഷ്, കെ ആർ ജയചന്ദ്രൻ , മീനു സുകുമാരൻ ,കെ വി അനിൽ കുമാർ , സി കെ ശശി എന്നിവർ സംസാരിച്ചു.

പ്രകടനവും പൊതുസമ്മേളനവും

അങ്കമാലി: അമേരിക്കയുടെ പിന്തുണയോടെ ഇസ്രായേൽ ഖത്തറിൽ നടത്തിയ ആക്രമണത്തിൽ പ്രതിഷേധിച്ച് സിപിഐഎം നേതൃത്വത്തിൽ രാജ്യവ്യാപകമായി സംഘടിപ്പിച്ച പ്രതിഷേധത്തിന്റെ ഭാഗമായി അങ്കമാലി ഏരിയ കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രകടനവും പൊതുസമ്മേളനവും സംഘടിപ്പിച്ചു. പഴയ മാർക്കറ്റ് റോഡിൽ നിന്നാരംഭിച്ച റാലി ടൗൺ ചുറ്റി കെഎസ്ആർടിസി ബസ്സ്റ്റാന്റ് പരിസരത്ത് സമാപിച്ചു. തുടർന്ന് ചേർന്ന പ്രതിഷേധയോഗം ജില്ലാ കമ്മിറ്റി അംഗം അഡ്വ കെ കെ ഷിബു ഉദ്ഘാടനം ചെയ്തു ഏരിയ കമ്മിറ്റി അംഗം ജീമോൻ കുര്യൻ അദ്ധ്യക്ഷത വഹിച്ചു ഏരിയ സെക്രട്ടറി കെ പി റെജിഷ് പി വി ടോമി ടി ഐ ശശി സജി വർഗീസ് തുടങ്ങിയവർ സംസാരിച്ചു.

ആത്മാഭിമാന സദസ് നടത്തി

പോത്താനിക്കാട്: കേരള സംസ്ഥാന കർഷക തൊഴിലാളി യൂണിയൻ പോത്താനിക്കാട് വില്ലേജ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ആത്മാഭിമാന സംഗമം നടത്തി. സിപിഐഎം കോതമംഗലം ഏരിയ സെക്രട്ടറി കെ ഏ ജോയി ഉദ്ഘാടനം ചെയ്തു. വില്ലേജ് പ്രസിഡന്റ് എൽദോസ് പുത്തൻപുര അധ്യഷനായി. ഏരിയ സെക്രട്ടറി കെ പി ജെയിംസ് നൂറ് തൊഴിൽ ദിനം പൂർത്തീകരിച്ച തൊഴിലുറപ്പ് തൊഴിലാളികളെയും, മുൻകാല കർഷക തൊഴിലാളികളെയും മൊമെന്റോ നൽകി ആദരിച്ചു. സിപിഐ എം ലോക്കൽ സെക്രട്ടറി എ കെ സിജു, യൂണിയൻ വില്ലേജ് സെക്രട്ടറി കെ എം അലിയാർ, കെ ടി അബ്രഹാം, പഞ്ചായത്തംഗം സുമ ദാസ്, കെ ടി മാത്യൂസ്, പൊന്നമ്മ ഗോപി എന്നിവർ സംസാരിച്ചു.

സീറ്റ് ഒഴിവ്

കൊച്ചി: കളമശേരി ഗവ. വനിത ഐ ടി ഐ യിലെ റഗുലർ കോഴ്സുകളിൽ ഒഴിവുള്ള ഏതാനും സീറ്റുകളിലേയ്ക്ക് പ്രവേശനത്തിനുള്ള അപേക്ഷ സ്വീകരിക്കുന്ന തീയതി നീട്ടി. താത്പര്യമുള്ളവർ സെപ്റ്റംബർ 20-ന് വൈകിട്ട് മൂന്നിനുള്ളിൽ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം നേരിട്ട് ഹാജരായി അപേക്ഷ സമർപ്പിക്കണം. ഫോൺ: 8590905440.

സിപിഎം, സിപിഐ ഭിന്നത

മട്ടാഞ്ചേരി രക്തസാക്ഷി ദിനം വെവ്വേറെ ആചരിച്ചു

മട്ടാഞ്ചേരി: ഏഴ് വർഷങ്ങൾക്ക് ശേഷം മട്ടാഞ്ചേരി രക്തസാക്ഷി ദിനം വെവ്വേറെ ആചരിച്ച് സിപിഐയും സിപിഎമ്മും. കൊച്ചി മണ്ഡലത്തിൽ ഇരു പാർട്ടികളും തമ്മിൽ നില നിൽക്കുന്ന ഭിന്നതയാണ് ഇത്തവണ പരിപാടി വെവ്വേറെ നടത്തുന്നതിനുള്ള കാരണമായത്. സിപിഎം പുറത്താക്കിയവരെ സിപിഐ എടുക്കുകയും സിപിഎം ഏരിയ സെക്രട്ടറിയായിരുന്ന എം.ഡി ആന്റണിയെ സിപിഐ മണ്ഡലം സെക്രട്ടറിയാക്കുകയും ചെയ്തതാണ് ഏഴ് വർഷം മുമ്പ് ഭിന്നതക്ക് കരണമായതെങ്കിൽ ഇത്തവണ എൽഡിഎഫിൽ പല കാര്യങ്ങളിലും സിപിഎമ്മുമായുള്ള സിപിഐയുടെ എതിർപ്പാണ് കാരണമായത്.നേരത്തേ ന്യൂനപക്ഷ വേട്ടക്കെതിരെയുള്ള എൽഡിഎഫ് പരിപാടിയും സിപിഐ ഒറ്റക്ക് നടത്തിയത് വിവാദമായിരുന്നു.കെ.ജെ മാക്സി എം.എൽ.എ.ഏകാധിപതിയെ പോലെ പെരുമാറുന്നതയും ആരോപണമുണ്ട്.കാലങ്ങളായി ഇരു പാർട്ടികളും ഒരുമിച്ച് നടത്തുന്ന പരിപാടി വെവ്വേറെ നടത്തിയത് ഏറെ ചർച്ചയായി മാറിയിരിക്കുകയാണ്.തിങ്കളാഴ്ചയായിരുന്നു മട്ടാഞ്ചേരി രക്തസാക്ഷി ദിനത്തിന്റെ 72 ആം വാർഷികം.സിപിഎമ്മിന്റെ നേതൃത്വത്തിൽ ചക്കരയിടുക്ക് ജങ്ഷനിൽ നടന്ന അനുസ്മരണ യോഗം ജില്ല സെക്രട്ടറിയേറ്റ് അംഗം ജോൺ ഫെർണാണ്ടസ് ഉദ്ഘാടനം ചെയ്തു. പി. എസ് രാജം അധ്യക്ഷയായി. കെ. എം റിയാദ്, എം. കെ അഭി, കെ .ജെ ആന്റെണി,എം.എ താഹ, ബി. ഹംസ, ബെനഡിക്ട് ഫെർണാണ്ടസ്,കെ.എച്ച് ഹനീഫ് എന്നിവർ സംസാരിച്ചു. ഈരവേലിയിൽ പി. എസ് രാജം പതാക ഉയർത്തി.

തുടർന്ന് ഈരവേലിയിൽ നിന്ന് ആരംഭിച്ച പ്രകടനം ചക്കരയിടുക്കിൽ സമാപിച്ചു. പുഷ്പാർച്ചനയും നടത്തി.സിപിഐയുടെ നേതൃത്വത്തിൽ രാവിലെ ഏഴിന് പുതിയ റോഡ് ജങ്ഷനിൽ നിന്ന് പ്രകടനമായി എത്തി ചക്കരയിടുക്ക് രക്ത സാക്ഷി മണ്ഡപത്തിൽ പുഷ്പാർച്ചന നടത്തി.ജില്ലാ കമ്മിറ്റിയംഗം ടി.കെ ഷബീബ് പതാക ഉയർത്തി.വൈകിട്ട് നാഥം കമ്പനി ജങ്ഷനിൽ നടന്ന പൊതുയോഗം സിപഐ ജില്ലാ സെക്രട്ടറി എൻ.അരുൺ ഉദ്ഘാടനം ചെയ്തു.ടി.കെ ഷബീബ് അധ്യക്ഷത വഹിച്ചു.

സിപിഎമ്മിന്റെ നേതൃത്വത്തിൽ നടന്ന മട്ടാഞ്ചേരി രക്തസാക്ഷി അനുസ്മരണം ജോൺ ഫെർണാണ്ടസ് ഉദ്ഘാടനം ചെയ്യുന്നു.

സിപിഐയുടെ നേതൃത്വത്തിൽ നടന്ന അനുസ്മരണം ജില്ലാ സെക്രട്ടറി എൻ.അരുൺ ഉദ്ഘാടനം ചെയ്യുന്നു.

സിഗരറ്റ് നൽകിയില്ലെന്നാരോപിച്ച് പ്ലസ് ടു വിദ്യാർഥിയെ മർദിച്ചു

തൃക്കാക്കര: കാക്കനാട് ചിറ്റേത്തു കരയിൽ കാറിലെത്തിയ യുവാവിന് സിഗരറ്റ് നൽകിയില്ലെന്നാരോപിച്ച് പ്ലസ് ടു വിദ്യാർഥിയെ മർദിച്ചു.

കാക്കനാട് ചിറ്റേത്തുകര കുത്തപള്ളി വീട്ടിൽ അജിൻ ലത്തീഫിനാണ് യുവാവിന്റെ മർദ്ദത്തിനിരയായത്. കഴിഞ്ഞ ശനിയാഴ്ച രാത്രി 8 മണിയോടെ ചിറ്റേത്തുകരയിലെ മേത്തർ ഫ്ലാറ്റിന് സമീപത്തുള്ള കടയിൽ നിന്നും ജ്യൂസ് കുടിക്കുന്നതിനിടെയാണ് വിദ്യാർത്ഥിയെ യുവാവ്

ആക്രമിച്ചത്.കാറിൽ എത്തിയ യുവാവ് സിഗരറ്റ് വാങ്ങി നൽകാൻ വിദ്യാർഥിയോട് ആവശ്യപ്പെടുകയായിരുന്നു.എന്നാൽ താൻ കടയിലെ ജീവനക്കാരനല്ലെന്ന് പറഞ്ഞതോടെ കാറിൽ നിന്നിറങ്ങിയ യുവാവ് യാതൊരു പ്രകോപനവുമില്ലാതെ വിദ്യാർത്ഥിയെ മർദിക്കുകയായിരുന്നു. ആക്രമണത്തിൽ പരിക്കേറ്റ വിദ്യാർത്ഥിയെ കാക്കനാട് സഹകരണ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ചിറ്റേത്തുകര മേത്തർ ഫ്ലാറ്റിൽ താമസിക്കുന്ന സോണൽ സന്തോഷാണ് മർദ്ദിച്ചെതെന്ന് ബന്ധുക്കൾ പറഞ്ഞു.

ഡോൺ ബോസ്കോ യുവജന കേന്ദ്രം ഓണാഘോഷം നടത്തി

കൊച്ചി: വടുതല ഡോൺ ബോസ്കോ യുവജന കേന്ദ്രാഗംങ്ങളുടെ സംയുക്ത സമ്മേളനവും ഓണാഘോഷവും പ്രശസ്ത ഗാന രചയിതാവ് ചിറ്റൂർ ഗോപി ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ.ഗിൽട്ടൻ റോഡ്രിഗ്സ്, അസിസ്റ്റന്റ് ഡയറക്ടർ ഫാ. കുര്യാക്കോസ് ശാസ്താംകാല, ജനറൽ സെക്രട്ടറി സി.ജെ. ആന്റണി, ജോയിന്റ് ജനറൽ സെക്രട്ടറി ജോണി ജേക്കബ്, വടുതലോത്സവം ജനറൽ കൺവിനർ ആന്റണി വിബിൻ, ജോയിന്റ് ജനറൽ കൺവീനർ ഫെബിൻ തോമസ് എന്നിവർ സംസാരിച്ചു. വിങ് സെക്രട്ടറിമാരായ അനൂജ് പി.എസ്, സുജിത് കൊച്ചാപ്പു, വാൾട്ടൻ വാസ്, ജോർജ് വിക്സൺ,ഈ വർഷത്തെ പ്രവർത്തനങ്ങളുടെ രൂപരേഖ അവതരിപ്പിച്ചു.

പെൺകുട്ടിയെ തട്ടിക്കൊണ്ടുപോയ കേസിൽ പ്രതി അറസ്റ്റിൽ

വൈക്കം: എഴുമാന്തുരുത്തിൽ വീട്ടിൽ അതിക്രമിച്ചു കയറി പെൺകുട്ടിയെ തട്ടിക്കൊണ്ടുപോയ കേസിൽ പ്രതി അറസ്റ്റിൽ. വെച്ചൂർ അംബികാമാർക്കറ്റ് കളരിക്കൽത്തറ വീട്ടിൽ മനു ബിജു (22)വിനെയാണ് കടുത്തുരുത്തി പൊലീസ് അറസ്റ്റ് ചെയ്തത്. ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3.30 ഓടെയാണ് സംഭവം. എഴുമാന്തുരുത്ത് സ്വദേശിയുടെ വീട്ടിൽ അതിക്രമിച്ചു കയറിയ വീട്ടുകാരെ ദേഹോപദ്രവം ഏൽപിച്ച ശേഷം പ്രതി ഗൃഹനാഥന്റെ മകളെ തട്ടിക്കൊണ്ടുപോവുകയായിരുന്നു. ഗൃഹനാഥന്റെ പരാതിയെ തുടർന്ന് കേസെടുത്ത് അന്വേഷണം നടത്തിയ കടുത്തുരുത്തി പൊലീസ് പ്രതിയെ ഞായറാഴ്ച രാത്രിയിൽ അറസ്റ്റ് ചെയ്യുകയായിരുന്നു. മനുവിനെതിരെ വൈക്കം, മുഹമ്മ സ്റ്റേഷനുകളിൽ നിരവധി ക്രിമിനൽ കേസുകളുണ്ടെന്നും പൊലീസ് അറിയിച്ചു. ജില്ലാ പൊലീസ് മേധാവിയുടെ റിപ്പോർട്ടിനെ തുടർന്ന് കാപ്പ ചുമത്തപ്പെട്ട് 2024 നവംബർ 26 മുതൽ മുതൽ ആറുമാസം ജില്ലയിൽ നിന്നും പുറത്താക്കപ്പെട്ട ആളാണ് പ്രതിയെന്നുംപൊലീസ് അറിയിച്ചു.

ഇൻസ്ട്രക്ടർ താത്കാലിക നിയമനം

കൊച്ചി: എ.വി.ടി.എസ് (ഗവ.അഡ്വാൻസ്ഡ് വൊക്കേഷണൽ ട്രെയിനിംഗ് സിസ്റ്റം)കളമശ്ശേരിയിൽ ജനറൽ വിഭാഗത്തിൽ കംപ്യൂട്ടർ എയ്ഡഡ് ഡ്രാഫ്റ്റിംഗ് (ഓട്ടോകാഡ് 2 ഡി, 3ഡി, 3ഡി എസ് മാക്സ്))ഇൻസ്ട്രക്ടറുടെ താത്കാലിക ഒഴിവുണ്ട്. സിവിൽ മെക്കാനിക്ക് എഞ്ചിനീയറിംഗിൽ ഡിപ്ളോമയും പ്രസ്തുത മേഖലയിൽ അഞ്ച് വർഷം വരെ പ്രവർത്തന പരിചയവും അല്ലെങ്കിൽ സിവിൽ/മെക്കാനിക്ക് എഞ്ചിനീയറിംഗിൽ ഡിഗ്രിയും രണ്ട് വർഷം വരെ പ്രവർത്തന പരിചയവും ഓട്ടോകാഡിൽ കുറഞ്ഞത് മൂന്ന് വർഷത്തെ പ്രവർത്തന പരിചയവും. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ നാളെ രാവിലെ 11 ന് എ.വി.ടി.എസ്. പ്രിൻസിപ്പൽ മുമ്പാകെ ഹാജരാകണം. ജനറൽ വിഭാഗത്തിൽ ഉദ്യോഗാർഥികൾ ഇല്ലാത്തപക്ഷം മറ്റുവിഭാഗക്കാരെ പരിഗണിക്കുന്നതാണ്. ഫോൺ - 8089789828, 04842557275.

പ്രൊഫഷണൽ നാടക മത്സരം തുടങ്ങി

പറവൂർ: ഇ എം എസ് സാംസ്കാരിക പഠനകേന്ദ്രം സംഘടിപ്പിക്കുന്ന 19-ാമത് അഖില കേരള പ്രൊഫഷണൽ നാടക മത്സരത്തിന് തോന്ന്യകാവ് എൻഎസ്എസ് ഹാളിൽ തുടക്കമായി.നടൻ വി കെ ശ്രീരാമൻ ഉദ്ഘാടനം ചെയ്തു. ഡോ.സുനിൽ പി ഇളയിടം അധ്യക്ഷനായി. ജനറൽ സെക്രട്ടറി കെ ബി ജയപ്രകാശ്, ടി എസ് ദേവദാസ്, ഉണ്ണി സത്താർ എന്നിവർ സംസാരിച്ചു.

തുടർന്ന് കായംകുളം പീപ്പിൾസ് തീയറ്റേഴ്സിൻറെ 'അങ്ങാടിക്കുരുവികൾ' അരങ്ങേറി. ചൊവ്വ വൈകീട്ട് 6.30ന് തിരുവനന്തപുരം അജന്ത തീയേറ്റർ ഗ്രൂപ്പിൻറെ 'വംശം' നാടകം അരങ്ങേറും.21 ന് നാടകമത്സരം സമാപിക്കും.28ന് അവാർഡുകൾ വിതരണം ചെയ്യും.

ഇ എം എസ് സാംസ്കാരിക പഠനകേന്ദ്രം സംഘടിപ്പിക്കുന്ന അഖില കേരള പ്രൊഫഷണൽ നാടകമത്സരം നടൻ വി കെ ശ്രീരാമൻ ഉദ്ഘാടനം ചെയ്യുന്നു

യുവപ്രതിഭാ പുരസ്കാരം 2024: അപേക്ഷ തീയതി നീട്ടി

കൊച്ചി: കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 2024- ലെ സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരത്തിനുള്ള നോമിനേഷൻ സ്വീകരിക്കുന്നതിനും മികച്ച ക്ലബ്ബുകൾക്കുള്ള അവാർഡിന് അപേക്ഷസമർപ്പിക്കുന്നതിനുമുള്ള അവസാന തീയതി സെപ്റ്റംബർ 25 ന് വൈകിട്ട്അഞ്ചുവരെ നീട്ടി. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ്ചെയ്തിട്ടുള്ളയുത്ത് യുവ, അവളിടം ക്ലബ്ബുകളിൽ നിന്നും അവാർഡിനായി അപേക്ഷകൾ ക്ഷണിച്ചു. ജില്ലാതലത്തിൽ നിന്നും തെരഞ്ഞെടുക്കുന്ന മികച്ച ക്ലബ്ബുകൾക്ക് 30,000/- രൂപയും പ്രശസ്തിപത്രവും പുരസ്കാരവും നൽകും. ജില്ലാതലത്തിൽ അവാർഡിന് അർഹത നേടിയ ക്ലബ്ബുകളെയാണ് സംസ്ഥാനതലത്തിലെ അവാർഡിനായി പരിഗണിക്കുന്നത്.

കൗൺസലർ നിയമനം

കൊച്ചി: ആലുവ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ കൗൺസലർ നിയമനത്തിനായി സൈക്കോളജി /സോഷ്യൽ വർക്ക് /സോഷ്യോളജി വിഷയങ്ങളിൽ ബിരുദാനന്തര ബിരുദവും പ്രവർത്തന പരിചയവുമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു.

നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ ജാതി, യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകൾ സഹിതം വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷ എറണാകുളം സിവിൽ സ്റ്റേഷൻ മൂന്നാം നിലയിൽ പ്രവർത്തിക്കുന്ന എറണാകുളം ജില്ലാ പട്ടികജാതിവികസന ഓഫീസിൽ സെപ്റ്റംബർ 23-ന് വൈകിട്ട് അഞ്ചിനുള്ളിൽ സമർപ്പിക്കണം.

സ്വകാര്യ ബസ് ഇടിച്ച് മാധ്യമ പ്രവർത്തകന് ഗുരുതര പരിക്ക്

കോതമംഗലം : അമിത വേഗത്തിൽ വന്ന സ്വകാര്യ ബസ് ഇടിച്ചുണ്ടായ വാഹനാപകടത്തിൽ കോൺഗ്രസ് നേതാവും കുട്ടമ്പുഴ പഞ്ചായത്ത് മുൻ പ്രസിഡന്റും, വീക്ഷണം ദിനപത്രം കവളങ്ങാട് ലേഖകനുമായ ഈഞ്ഞാപ്പാറ ചെങ്ങാമനാട്ട് സി.ജെ എൽദോസിന് ഗുരുതരമായി പരിക്കേറ്റു.

തിങ്കളാഴ്ച രാവിലെ കോതമംഗലം മലയിൻകീഴ് - കോഴിപ്പിള്ളി ബൈപാസ് റോഡിൽ എന്റെ നാടിന്റെ ഓഫീസിനു മുൻപിലാണ് അപകടം നടന്നത്.

സിജെ എൽദോസ് യാത്ര ചെയ്തിരുന്ന ബൈക്കിൽ, മറ്റൊരു വാഹനത്തെ മറികടക്കുന്നതിനിടെ വേഗത കൂടിയെത്തിയ ഹീറോ യങ്സ് എന്ന സ്വകാര്യ ബസ് ഇടിക്കുകയായിരുന്നു.

അപകടത്തിൽ തലക്കും കാലിനും ഗുരുതരമായി പരിക്കേറ്റ എൽദോസിനെ ഉടൻ തന്നെ സമീപത്തുണ്ടായിരുന്ന നാട്ടുകാർ അടിയന്തരമായി കോതമംഗലം ധർമ്മഗിരി ആശുപത്രിയിൽ എത്തിച്ചു പ്രാധമിക ചികിത്സ നൽകിയ ശേഷം വിധക്ത ചികിത്സയ്ക്കായി ആലുവയിലെ സ്വകാര്യ ആശുപത്രിയിലേക്കു മാറ്റി. അപകട നില അതീവ ഗുരുതര മായി തുടരുന്നു .

കങ്ങരപ്പടി ടൗൺ ലൈബ്രറിയുടെ ലഹരിവിരുദ്ധ സംഗമം

കളമശേരി: കങ്ങരപ്പടി പ്രദേശത്തെ അദ്ധ്യാപകരും, മത, രാഷ്ട്രീയ, സംസ്കാരിക, വിദ്യാഭ്യാസ, മേഖലയിലെ നേതാക്കളും, പ്രവർത്തകരും റസിഡൻസ് അസോസിയേഷൻ ഭാരവാഹികളും ഒത്തുചേർന്ന അപൂർവ സംഗമമായി മാറി കങ്ങരപ്പടി ടൗൺ ലൈബ്രറി സംഘടിപ്പിച്ച നാലാമത് സി.എച്ച്മുഹമ്മദ് കോയ എഡ്യൂക്കേഷണൽ എക്സലൻസി അവാർഡും ലഹരിവിരുദ്ധ സംഗമവും. പ്രദേശത്തിന്റെ സൗഹൃദത്തിന്റെയും സാഹോദര്യത്തിന്റെയും, സ്നേഹത്തിന്റെയും വിളംബരം കൂടി മാറുന്നതായിരുന്നു ലൈബ്രറിയുടെ സംഗമം.കങ്ങരപ്പടി ടൗൺഹാളിൽ നടന്ന സംഗമം കൊച്ചി സിറ്റി ഡിസ്ട്രിക് ഹെഡ് കോർട്ടേഴ്സ് എസ്. ഐ.ബാബു ജോൺ.പി ഉദ്ഘാടനം ചെയ്തു. ലൈബ്രറി രക്ഷാധികാരി പി.എം.ഫൈസൽ അദ്ധ്യക്ഷത വഹിച്ചു.നാലാമത് സി.എച്ച്മുഹമ്മദ് കോയ എഡ്യൂക്കേഷണൽ എക്സലൻസി അവാർഡ് ദാനം കങ്ങരപ്പടി എസ്.എൻ.യു.പി സ്കൂൾ ഹെഡ്മസ് ട്രസ് സ്മിത ഗോപിനാഥ്, കെ.എം.ഇ.എ.അൽമനാർ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ അമ്പിളി.പി.വി എന്നിവർ നിർവ്വഹിച്ചു. .

കങ്ങരപ്പടി ടൗൺ ലൈബ്രറി സി.എച്ച്.എഡ്യൂകേഷണൽ എക്സലൻസി അവാർഡും ലഹരിവിരുദ്ധ സംഗമവും കൊച്ചി സിറ്റി, ഡിസ്ട്രിക്റ്റ് ഹെഡ് കോർട്ടേഴ്സ് എസ്.ഐ.ബാബു ജോൺ പി.ഉദ്ഘാടനം ചെയ്യുന്നു

This advertisement is for information purposes only and does not constitute an offer or an invitation or a recommendation to purchase, to hold or sell securities. This is not an announcement for the offer document. All capitalized terms used herein and not defined herein shall have the meaning assigned to them in the Letter of offer dated August 29, 2025 the "Letter of Offer" or ("LOF") filed with the BSE Limited ("BSE") and the Securities and Exchange Board of India ("SEBI").

THE ECO
A Carbon Neutral Hotel Brand

ECO HOTELS AND RESORTS LIMITED

(Formerly known as Sharad Fibres & Yarn Processors Limited)

CIN- L55101KL1987PLC089987

Our Company was originally incorporated as "Sharad Fibres & Yarn Processors Private Limited" at Mumbai, Maharashtra as a Private Limited Company under the provisions of the Companies Act, 1956 vide Certificate of Incorporation dated July 02, 1987, issued by the Registrar of Companies, Mumbai, Maharashtra. Subsequently Company at the Extra-Ordinary General Meeting dated November 27, 1992, converted into Public Limited Company and the name was changed to "Sharad Fibres & Yarn Processors Limited" vide the Certificate dated April 06, 1993 approved by the Registrar of Companies, Mumbai, Maharashtra. Further the name of the company was changed to "Eco Hotels and Resorts Limited" at the Extra-Ordinary General Meeting dated February 20, 2023 and received a Fresh Certificate of Incorporation dated April 18, 2023, issued by Registrar of Companies, Mumbai, Maharashtra. For further details please refer to the section titled "General Information" beginning on page 58 of the Letter of offer.

Registered Office: 67/6446, Basin Road, Cochin, Ernakulam High Court, Ernakulam 682031, Kerala, India.
Corporate Office: Block No 4, Second Floor Raj Mahal Building, Veer Nariman Road, Churchgate, Mumbai, Maharashtra, India, 400020;
Tel: +91 22 44550546; **Email id:** investor.relations@ecohotels.in; **Website:** www.ehrlindia.in
Contact Person: Ms. Nidhi Baldwa, Company Secretary & Compliance Officer

PROMOTERS OF THE COMPANY: MR. THOMAS JOY, MR. SUCHIT PUNNOSE, M/S. MODULEX MODULAR BUILDINGS PRIVATE LIMITED AND M/S. ECO HOTELS UK PLC.

THE ISSUE

ISSUE OF UPTO 1,28,76,808 PARTLY PAID-UP EQUITY SHARES OF FACE VALUE OF RS.10.00 EACH ("EQUITY SHARES") OF ECO HOTELS AND RESORTS LIMITED ("ECOHOTELS" OR THE "COMPANY" OR THE "ISSUER") FOR CASH AT A PRICE OF RS. 15.20 PER EQUITY SHARE (INCLUDING PREMIUM OF RS. 5.20 PER EQUITY SHARE) ("ISSUE PRICE") FOR AN AGGREGATE AMOUNT NOT EXCEEDING RS. 1,957.27 LAKHS@ TO THE ELIGIBLE EQUITY SHAREHOLDERS ON RIGHTS BASIS IN THE RATIO OF 1 (ONE) PARTLY PAID-UP RIGHTS EQUITY SHARE FOR EVERY 4 (FOUR) FULLY PAID-UP EQUITY SHARES HELD BY THE ELIGIBLE EQUITY SHAREHOLDERS ON THE RECORD DATE, I.E. AUGUST 29, 2025 (THE "ISSUE"). THE ISSUE PRICE IS 1.52 TIMES OF FACE VALUE OF THE EQUITY SHARES. FOR FURTHER DETAILS, PLEASE SEE THE CHAPTER TITLED "TERMS OF THE ISSUE" ON PAGE 152 OF THE LETTER OF OFFER.

@assuming full subscription and receipt of all Call Monies with respect to the Rights Equity Shares.

ATTENTION INVESTORS

**NOTICE TO THE READER ("NOTICE") – CORRIGENDUM CUM ADDENDUM TO LETTER OF OFFER DATED AUGUST 29, 2025 AND